**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4180

16/12/2014-ൽ മറുപടിക്ക്

ഭവനശ്രീ പദ്ധതി - വായ്പാ തിരിച്ചടവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) | |
| (എ) | ഭവനശ്രീ പദ്ധതിയിൽ പണം കടമെടുത്തവരുടെ കുടിശ്ശിക സർക്കാർ അടച്ചുതീർക്കുമെന്ന് ഉറപ്പുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏതു കാലയളവിലുള്ള കടങ്ങൾക്കാണ് അതു ബാധകമാക്കിയിട്ടുള്ളത്; | (എ) | ഉണ്ട്.<br><br>ഭവനശ്രീ വായ്പാ ഇനത്തിൽ ദേശസാത്കൃത ബാങ്കുകളിലെ 30/06/2010 വരെയുള്ള കുടിശ്ശിക ഉൾപ്പെടെ ബാക്കി വായ്പാ തുകയാണ് സർക്കാർ ഏറ്റെടുത്തത്.<br><br>ഭവനശ്രീ വായ്പാ ഇനത്തിൽ സഹകരണ ബാങ്കുകളിലെ 30/06/2013 വരെയുള്ള കുടിശ്ശിക ഉൾപ്പെടെ ബാക്കി വായ്പാ തുകയും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | കടം അടച്ചുതീർത്താലും ബാങ്കുകൾ ആധാരം തിരിച്ചുനൽകാത്തതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ, അത്തരം പരാതികളിൽ പരിഹാരം കണ്ടെത്താൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; നൽകിയിട്ടില്ലെങ്കിൽ നിർദ്ദേശം നൽകാൻ ശ്രദ്ധിക്കുമോ? | (സി) | ഇത്തരം പരാതികൾക്ക് പരിഹാരം കണ്ടെത്താൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ